**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2574** **21-01-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | 2018, 2019 വർഷങ്ങളിലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം രംഗത്ത് ആവശ്യം ഉണ്ടാകേണ്ട മാറ്റങ്ങൾ എന്തൊക്കെയാണെന്ന് ചർച്ചചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. പ്രളയം മൂലം ചില ടൂറിസം കേന്ദ്രങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രളയം മൂലം നാശനഷ്ടമുണ്ടായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കി കഴിഞ്ഞു. പ്രളയത്തിന് ശേഷം ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരിസ്ഥിതി സൗഹൃദപരമായി വകുപ്പിന്റെ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചു വരുന്നു. കൂടാതെ പരിസ്ഥിതി സൗഹൃദവും ഭിന്നശേഷി സൗഹൃദവുമായ നിരവധി ടൂറിസം പദ്ധതികൾക്ക് വകുപ്പ് പ്രാമുഖ്യം നൽകി വരുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനം പ്രധാന ഡെസ്റ്റിനേഷനുകളിൽ വ്യാപിപ്പിച്ചു വരുന്നു. അടിസ്ഥാന സൗകര്യ വികസനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ടൂറിസം രംഗത്ത് വേണ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ടൂറിസം നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. കേരളത്തിൽ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത മനസ്സിലാക്കി അവരുടെ താത്പര്യമനുസരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ടൂറിസം മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങളും സ്വകാര്യ പങ്കാളിത്തവും പരിസ്ഥിതി സൗഹൃദമായ രീതിയിൽ ടൂറിസം പദ്ധതികളും ടൂറിസം രംഗവും വിപുലപ്പെടുത്തുന്നതും നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുകയും ചെയ്യുന്നതാണ് സർക്കാരിന്റെ 2017-ലെ ടൂറിസം നയം. കേരളത്തിലെ ഇനിയും പുറംലോകം അറിയാത്ത നാട്ടുവിശേഷങ്ങളും തനിമകളും പുത്തൻ ഉത്പന്നങ്ങളായി വിപണിയിലെത്തിക്കുക, ഓരോ ടൂറിസം ഉത്പന്നവും മൂല്യ വർദ്ധിതമാക്കുകയും കാലോചിതമാക്കുകയും ചെയ്യുക, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർപ്ലാൻ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുക, സർക്കാർ സംവിധാനങ്ങളുടെ നിരീക്ഷണം കർശനമാക്കി ടൂറിസം മേഖല കാലോചിതമായി പരിഷ്കരിക്കുന്ന ചട്ടങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുക എന്നതും പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ